# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

## കണ്ണൂർ ജില്ല

**(പ്രാബല്യം: 15.04.2022 മുതൽ 19.04.2022 വരെ)**

# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

((പ്രാബല്യം: : 15.04.2022 മുതൽ 19.04.2022 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 30/2022 | തീയ്യതി: 14/04/2022 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 15.00 | 30.4-34 | 23-26.7 | 90.5-92.1 | 0.0-8.0 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 15-04-2022 | 16-04-2022 | 17-04-2022 | 18-04-2022 | 19-04-2022 |
|---|---|---|---|---|---|
| മഴ, മി.മീ | 4 | 2 | 15 | 12 | 8 |
| കൂടിയ താപനില, °C | 31 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 24 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 6 | 6 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 230 | 210 | 250 | 320 | 270 |
| മേഘ വിന്യാസം, ഒക്ടാ | 8 | 3 | 5 | 4 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **അങ്ങിങ്ങായി ഒറ്റപ്പെട്ട മഴയും , ഇടിയും , മിന്നലിനും സാധ്യത.** | | |
| | ഉയർന്ന ഊഷ്മാവും അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും. ആകാശം തെളിഞ്ഞതോ ഭാഗീകമായി മേഘാവൃതമോ പൂർണ്ണമായും മേഘാവൃതമോ ആയിരിക്കും.<br>പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക.<br>അങ്ങിങ്ങായി ഒറ്റപ്പെട്ട മഴകൾ ലഭിക്കാൻ സാധ്യതയുണ്ട്. | | |

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | ഒറ്റപ്പെട്ട മഴ: വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്.<br><br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>**അവശ്യ ഘട്ടങ്ങളിൽ നീർ വാർച്ച എളുപ്പമാക്കുന്നതിന് ജല നിർഗമന ചാലുകളിലെ അനാവശ്യ തടസ്സങ്ങൾ നീക്കം ചെയ്യുക.**<br><br>**വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.**<br><br>ചുരുങ്ങിയ സമയം കൊണ്ട് പെയ്തൊഴിയുന്ന വേനൽ മഴകൾ പൊതുവെ ധാരാളം വെള്ളം ഉൾക്കൊള്ളുന്നവയായിരിക്കും. ഇവ മണ്ണിൽ സംഭരിക്കാൻ കഴിഞ്ഞാൽ വരൾച്ചയെ ചെറുക്കൻ വളരെയധികം സഹായകമാകും. മഴക്കുഴികളിൽ തൂർന്നു പോയവ വീണ്ടെടുക്കുക.<br><br>വിളകളുടെ തടത്തിൽ കരിയിലകൾ ഉപയോഗിച്ച് പുതയിടുക.<br><br>വൃക്ഷ വിളകൾക്ക് വളം ചേർത്തതിന് ശേഷം മുഴുവനായും മൂടാത്ത തടങ്ങൾ നല്ല ജലസംഭരണികൾ കൂടിയാണ്. പറമ്പിൽ ഒലിച്ചു പോകുന്ന വെള്ളം ചാലുകൾ എടുത്തു ഇതിലേക്ക് തിരിച്ചു വിടുന്നത് നന്നായിരിക്കും.<br><br>മൂന്നാം വിള തരിശിട്ടിരിക്കുന്ന പാടങ്ങളിൽ പച്ചിലവള വിത്തുകൾ (ഡെയ്ഞ്ച, ചണമ്പ് മുതലായവ) വിതറാം. ഇവ മണ്ണിലെ വളക്കൂറു വർധിപ്പിക്കുന്നതിനൊപ്പം കളകളെ നിയന്ത്രിക്കാൻ സഹായകരമാവുകയും ചെയ്യും 45 ദിവസം വളർച്ചയെത്തുമ്പോൾ, പുഷ്പിക്കുന്നതിനു മുൻപേ തന്നെ, ഈർപ്പമുള്ള മണ്ണാണെങ്കിൽ അതിലേക്ക് ഉഴുതു ചേർക്കുക. അല്ലായെങ്കിൽ അറുത്തെടുത്തു കമ്പോസ്റ്റ് ആക്കുക<br><br>അന്തരീക്ഷ ഊഷ്മാവ് കൂടുതലുള്ള ദിവസങ്ങളിൽ പകൽ 12 മണിയ്ക്കും 3 മണിയ്ക്കും ഇടയിൽ കാർഷിക വൃത്തികൾ ഒഴിവാക്കുക | |
| നെല്ല്: മുണ്ടകൻ (വിള വൈകി നട്ടയിടങ്ങൾ ) | കൊയ്ത്ത് | വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്. വെയിലത്തിട്ടുണക്കുന്നതു ജാഗ്രതയോടെ വേണം. |
| നെല്ല്: വിരുപ്പൂ (ഒന്നാം വിള) | നിലമൊരുക്കൽ | മഴ ലഭിക്കുമെന്ന് പ്രവചിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊടി വിത അവലംബിക്കുന്നവർ പാടം ഒരുക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുക.<br><br>കാലവർഷം തുടങ്ങുമ്പോൾ ഞാറു പറിച്ചു നടന്ന പാടങ്ങളിൽ ഇപ്പോൾ പച്ചിലവള വിത്തുകൾ (ഡെയ് ഞ്ച, ചണമ്പ് മുതലായവ) വിതറാം. ഇവ മണ്ണിലെ വളക്കൂറു വർധിപ്പിക്കുന്നതിനൊപ്പം കളകളെ നിയന്ത്രിക്കാൻ സഹായകരമാവുകയും ചെയ്യും 45 ദിവസം വളർച്ചയെത്തുമ്പോൾ, പുഷ്പിക്കുന്നതിനു മുൻപേ തന്നെ, ഈർപ്പമുള്ള മണ്ണാണെങ്കിൽ അതിലേക്ക് ഉഴുതു ചേർക്കുക. അല്ലായെങ്കിൽ അറുത്തെടുത്തു കമ്പോസ്റ്റ് ആക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | കായ്ക്കുന്ന ഘട്ടം | ശൽക്ക കീടങ്ങൾ  | ശൽക്ക കീടങ്ങൾ : വേപ്പധിഷ്ഠിത കീടനാശിനി അല്ലെങ്കിൽ തയോമേത്തോക്സാം 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക. |
| വെള്ളരിവർഗ വിളകൾ | വിവിധ ഘട്ടം | മൃദുരോമ പൂപ്പൽ രോഗം  | മൃദുരോമ പൂപ്പൽ രോഗം : മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ആഴ്ച തോറും തളിച്ച് കൊടുക്കുക.രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക.രോഗബാധിത ഇലകൾ പറിച്ചെടുത്തു തീയിട്ടു നശിപ്പിക്കുക. |
| കവുങ്ങ് | കായ്ക്കുന്ന സമയം | പൂങ്കുല കരിച്ചിൽ  | പൂങ്കുല കരിച്ചിൽ : ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ രോഗം ഉണ്ടാകാൻ സാധ്യത. രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| കന്നുകാലികൾ | വിവിധ ഘട്ടങ്ങൾ | **പട്ടുണ്ണി**  വേനൽക്കാലത്ത് മൃഗങ്ങളുടെ ശരീരത്തിൽ പട്ടുണ്ണികൾ പെരുകാൻ സാധ്യതയുണ്ട്. ഇവ മാരക രോഗങ്ങൾ ഉണ്ടാക്കുന്ന പ്രോട്ടോസോവ പോലുള്ള അണുക്കളെ പരത്തുന്ന ജീവികളാകുന്നു. കൂടാതെ ഇവ രക്തം ഊറ്റിക്കുടിക്കുന്നതിനാൽ വിളർച്ച, മൂത്രത്തിൽ രക്തം, മഞ്ഞപ്പിത്തം, മരണം എന്നിവയ്ക്കും കാരണമായേക്കാം | **പട്ടുണ്ണി** : രക്തം കുടിച്ചു കഴിഞ്ഞാൽ പട്ടുണ്ണികൾ താഴെ വീണു തൊഴുത്തിന്റെ തറയിലും ചുമരിലും ഉള്ള ചെറു സുഷിരങ്ങളിൽ ആണ് പാർക്കുക. ഇവയെ തൊഴുത്തിലെ തറയിലും ചുമരിലും നിയന്ത്രിതമായി കരിയില, ചൂട്ട് എന്നിവ കത്തിച്ചു തീ ഏശി നശിപ്പിക്കുക. തൊഴുത്തിന് പുറത്ത് കെട്ടുമ്പോൾ പശുക്കൾ കിടക്കുന്ന ഇടങ്ങളിലും ഇതുപോലെ ചെയ്യുക. തീ ഇടുന്ന സമയത്തു പശുക്കളെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി നിർത്തുക.<br><br>പശുവിന്റെ ശരീരം മുഴുവൻ ആഴ്ചയിൽ ഒരുതവണ വീതം സൈപെർമെത്രിൻ ഒരു മില്ലി രണ്ടു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ മുക്കിയ കോട്ടൺ ടവ്വൽ കൊണ്ട് തുടച്ചു വൃത്തിയാക്കുക.<br><br>സൈപെർമെത്രിൻ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തയ്യാറാക്കിയ ലായനി സ്പ്രേയറിൽ എടുത്തു തൊഴുത്തിന്റെ തറയിലും ചുമരുകളിലും പശു കിടക്കാറുള്ള മറ്റിടങ്ങളിലും തളിക്കുക. |

ഒപ്പ്/-

നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി